ഇപ്പോൾ അമേരിക്കയിൽ നിർമിച്ചുവരുന്ന അതിശീഘ്രമിസ്സൈലുകൾക്ക്, തുല്യ—നാശശക്തിയുള്ള പാരമ്പര്യ (കൺവെൻഷണൽ) ആയുധങ്ങളുടെ പത്തിലൊന്നു ചെലവേ വരികയുള്ളുവത്രേ.

ആക്രമണത്തിനായാലും പ്രതിരോധത്തിനായാലും, യുദ്ധംചെയ്യണമോ, മിസൈൽ കൂടിയേ കഴിയൂ എന്ന നില ഇതിനകം ലോകത്തിലെ എല്ലാ രാജ്യങ്ങളിലും വന്നുകഴിഞ്ഞിട്ടുണ്ട്. വിമാനാക്രമണങ്ങളിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും പരിശീലനപരിപാടികളും യുദ്ധകാലത്ത് ഇന്ത്യയിലും ഉണ്ടായിരുന്നുവല്ലോ. മിസ്സൈലുകളിൽനിന്നു ജീവൻ രക്ഷിക്കാനുള്ള മാർഗങ്ങൾ സാധാരണ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ഇനി അധികം വൈകിച്ചുകൂടെന്നു യുദ്ധവിദഗ്ദ്ധർ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

# 15. സമാധാനത്തിലേക്ക് ഒരു ചെറിയ കാൽവെപ്പ്...

'മനുഷ്യവർഗത്തെ അണു—ആയുധ—ഭീഷണിയിൽനിന്ന് എന്നന്നേക്കുമായി മോചിപ്പിക്കുന്നതിലേക്കു നയിക്കാവുന്ന ഒരു കാൽവെപ്പ്'' എന്നു വിവരിക്കപ്പെട്ട ഒരു ഉടമ്പടിയിൽ അമേരിക്കൻ പ്രസിഡണ്ട് റോണാൾഡ് റേയ്ഗനും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി മിഖായിൽ ഗോർബച്ചേവും 1987 ഡിസംബർ 8—ാം തീയതി, വാഷിങ്ടണിൽ, അമേരിക്കൻ പ്രസിഡണ്ടിൻെറ ഔദ്യോഗിക വസതിയായ വൈററ്ഹൗസിൽ ഒപ്പുവച്ചു.

രണ്ടാം മഹായുദ്ധത്തിനുശേഷം ഇന്നോളമുള്ള കാലഘട്ടത്തെ അമേരിക്കൻ ചേരിയും സോവിയററ് ചേരിയും തമ്മിലുള്ള ആയുധപ്പന്തയത്തിൻെറ കാലഘട്ടമായി ഭാവിയിലെ ചരിത്രകാരന്മാർ വിവരിച്ചുകൂടായ്കയില്ല. കാർഷിക—വ്യാവസായികഉൽപാദനങ്ങളിൽ പുതിയ സങ്കേതരീതികൾ ഉപയോഗിക്കപ്പെട്ടതിൻെറ ഫലമായി ഈ കാലഘട്ടത്തിൽ മനുഷ്യൻെറ ഭൗതികസമ്പത്ത് പരമാവധി വർധിച്ചു. പക്ഷേ, ഈ രണ്ടുചേരികൾക്കിടയിൽ നിലനിന്ന ശത്രുതയും അവിശ്വാസവും നിമിത്തം, ഈ സമ്പത്തിൽ അധികവും വിനിയോഗിക്കപ്പെട്ടതു് ദരിദ്രരാജ്യങ്ങളിലെ ജനകോടികളുടെ ദാരിദ്ര്യവും പട്ടിണിയും രോഗങ്ങളും നിരക്ഷരതയും തൊഴിലില്ലായ്മയും അരക്ഷിതത്വവും പരിഹരിക്കുന്നതിനല്ല; ഒന്നിനൊന്നു കൂടുതൽ മാരകങ്ങളായ അണു—ആയുധങ്ങളും രാസ—ആയുധങ്ങളും രോഗാണു—ആയുധങ്ങളും, അവ ശത്രുരാജ്യത്തു വീഴ്ത്തുന്നതിനുള്ള റോക്കററുകളും വിമാനങ്ങളും മുങ്ങിക്കപ്പലുകളും പടക്കപ്പലുകളും, നിർമിച്ചു കുമ്പാരം കൂട്ടുന്നതിനാണ്. കരയിലും കടലിലും ആയുധങ്ങൾ നിറച്ചതു പോരാഞ്ഞിട്ട്, ഇപ്പോൾ ബാഹ്യാന്തരീക്ഷത്തെയും ആയുധക്കലവറയാക്കി മാററുന്നതിനുള്ള ഗവേഷണങ്ങൾക്കായി വൻതോതിൽ പണം ചെലവഴിക്കപ്പെട്ടുവരുന്നു. ഈ പശ്ചാത്തലത്തിനെതിരെവേണം നാം വാഷിങ്ടൺ ഉടമ്പടിയെ കാണാൻ.

ഹിററ്ലറുടെ ചവിട്ടടിയിൽ അമർന്നു കിടന്നിരുന്ന പടിഞ്ഞാറെ യൂറോപ്പിലെ രാജ്യങ്ങളിൽ, മഹായുദ്ധത്തിനുശേഷം, സ്വാഭാവികമായി ആയുധങ്ങളോ, സൈന്യങ്ങളോ ഇല്ലാതായി. ഈ ശൂന്യത നികത്തിയതു പ്രധാനമായും അമേരിക്കൻ—ബ്രിട്ടീഷ് ആയുധങ്ങളും സൈന്യങ്ങളുമാ

യിരുന്നു. അമേരിക്കയുടെ സഹായത്തോടെ പടിഞ്ഞാറെ യൂറോപ്പ് വളരെ വേഗത്തിൽ സാമ്പത്തിക പുനർനിർമാണം നേടിയെടുത്തു. അപ്പോഴും യൂറോപ്പിലെ സൈനിക സന്തുലനം റഷ്യയ്ക്കു (കിഴക്കേ യൂറോപ്പിനു്) അനുകൂലമായിരുന്നു. യുദ്ധകാലത്തു് അമേരിക്കയുടെ കുത്തകയായിരുന്ന അണു--ആയുധങ്ങൾ സോവിയററ് യൂണിയനിലും ധാരാളമായി നിർമിക്കപ്പെട്ടതോടെ, പടിഞ്ഞാറെ യൂറോപ്പിന്റെ സുരക്ഷയിൽ അവിടത്തെ പ്രമുഖ രാഷ്ട്രങ്ങൾക്കും അമേരിക്കയ്ക്കും വലിയ ആശങ്ക ഉളവായി. ഇതിനെത്തുടർന്നു് അമേരിക്ക ഒട്ടു വളരെ അണു—ആയുധങ്ങൾ യൂറോപ്പിലേക്കു കൊണ്ടുവരികയും, അഞ്ഞൂറുമുതൽ അയ്യായിരത്തഞ്ഞൂറുവരെ കിലോമീററർ ദൂരത്തിലേക്കു വിക്ഷേപിക്കാവുന്ന പലതരം മിസ്സൈലുകളിൽ ഘടിപ്പിച്ചു് ഇവയെ പടിഞ്ഞാറെ ജർമനി, ബ്രിട്ടൻ, ബെൽജിയം, ഇററലി എന്നീ രാജ്യങ്ങളിൽ, സോവിയററ് റഷ്യയിലെ ലക്ഷ്യങ്ങളിലേക്കു ചൂണ്ടി സ്ഥാപിക്കുകയുംചെയ്തു. 'യൂറോ—മിസ്സൈൽ' എന്നറിയപ്പെടുന്ന ഇവയ്ക്കെതിരെ സോവിയററ് യൂണിയൻ, റഷ്യയിലും കിഴക്കേജർമനിയിലും ചെക്കോസ്ലോവാക്യയിലും അണു—ആയുധങ്ങൾ ഘടിപ്പിച്ച മിസ്സൈലുകൾ സ്ഥാപിച്ചു. കരുതിക്കൂട്ടിയല്ലാതെ, ദ്രോഹബുദ്ധിയുടെയോ, തെററിദ്ധാരണയുടെയോ ഫലമായി, ഏതെങ്കിലുമൊരു പട്ടാള ഉദ്യോഗസ്ഥൻ ഒരു പ്രത്യേക സ്വിച്ച് അമർത്തിയാൽ, ഈ മിസ്സൈലുകൾ തീപിടിച്ചു മേലോട്ടുയരുകയും, യൂറോപ്പ് ആകെ അണു—ആയുധ—ജ്വാലകളിൽ വെന്തു വെണ്ണീറാവുകയും ചെയ്യുമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. വാഷിങ്ടൺ ഉടമ്പടി അമേരിക്കൻ പാർലമെൻറ് അംഗീകരിക്കുകയാണെങ്കിൽ, മൂന്നു വർഷങ്ങൾക്കകം റഷ്യൻ അതിർത്തിക്കു് ഇരുവശങ്ങളിലുമുള്ള ആയിരത്തെണ്ണൂററുപത്തിനാലു് (1864) അണു—ആയുധങ്ങളും അവ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കുന്നതിനുള്ള എണ്ണൂററുപത്തിനാലു് (864) മിസ്സൈലുകളും നശിപ്പിക്കപ്പെടും. അമേരിക്ക യൂറോപ്പിൽ, റഷ്യയിലേക്കു ചൂണ്ടി സ്ഥാപിച്ചിട്ടുള്ള മുന്നൂററുപത്തിനാലു് അണു—ആയുധങ്ങളും അത്രയും മിസ്സൈലുകളും, സോവിയററ് യൂണിയൻ തങ്ങളുടെ കിഴക്കും പടിഞ്ഞാറും അതിർത്തികളും കിഴക്കെ ജർമനിയിലും ചെക്കോസ്ലോവാക്യയിലും പുറത്തേക്കു ചൂണ്ടി സ്ഥാപിച്ചിട്ടുള്ള ആയിരത്തഞ്ഞൂറ് അണു—ആയുധങ്ങളും അഞ്ഞൂറോളം മിസ്സൈലുകളും ഇതോടെ ഇല്ലാതായിത്തീരും. ഈ അണു—ആയുധങ്ങളിലെ യുറേനിയവും പ്ലൂട്ടോണിയവും സമാധാനപരമായ ആവശ്യങ്ങൾക്കു് ഉപയോഗിക്കപ്പെടും. മിസ്സൈലുകൾ പൊളിച്ചു്, അവയുടെ ഘടകങ്ങൾ വേറെ എന്തിനെങ്കിലും പററുമോ എന്നു നോക്കും.

ഇതൊരു വലിയ കാര്യമാണോ? 'അല്ല' എന്നു പറയുന്നവർ വളരെയുണ്ടാകും. കാരണം, വാഷിങ്ടൻ ഉടമ്പടി അനുസരിച്ചു നശിപ്പിക്കപ്പെടുക ഇടത്തരം (ഹ്രസ്വദൂര) അണു--ആയുധങ്ങൾ (ഇൻറർമീഡിയററ് ന്യൂക്ലിയർ ഫോഴ്സ്—ഐ. എൻ എഫ്.) ആണ്. അമേരിക്കയുടെയും സോവിയററ് യൂണിയന്റെയും കൈവശം ആകെയുള്ള അണു—ആയുധങ്ങളുടെ അഞ്ചോ, ആറോ ശതമാനം മാത്രമാണിതു്. ഇവ നശിപ്പിച്ചാലും, ഈ രണ്ടു രാജ്യങ്ങളുടെയും കൈവശം ഇപ്പോഴുള്ള അണു—ആയുധങ്ങളുടെയും അവ വിക്ഷേപിക്കാൻ ആവശ്യമായ മിസ്സൈലുകളുടെയും തൊണ്ണൂററിനാലോ, തൊണ്ണൂററഞ്ചോ ശതമാനം പിന്നെയും ബാക്കിവരും.

ഈ 'ബാക്കി' എത്രയുണ്ടാവും? ലണ്ടനിലെ അന്താരാഷ്ട്രീയ യുദ്ധതന്ത്രപഠനസ്ഥാപനം (ഇൻറർനാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്ട്രാറെറജിക് സ്റ്റഡീസ്) പറയുന്നതു് അമേരിക്കയുടെ കൈയിൽ, കരയിൽ സ്ഥാപിച്ചതും ഭൂമിയിൽ ഏതു സ്ഥലത്തും വീഴ്ത്താവുന്നതുമായ ആയിരം (1000) അന്തർഭൂഖണ്ഡമിസ്സൈലുകളും (ഐ. സി. ബി. എം.), അവയിൽ ഘടിപ്പിച്ച രണ്ടായിരത്തി ഇരുനൂററുപത്തൊന്നു് (2261)

അണു—ആയുധങ്ങളും ഉണ്ടെന്നാണ്. ഇവയ്ക്കു പുറമേ അറുന്നൂററിനാല്പതു് (640) മുങ്ങിക്കപ്പലുകളിൽ ആറായിരത്തിഅറുന്നൂററമ്പത്താറു് (6656) അണു—ആയുധങ്ങളും, മുന്നൂററിപ്പതിനേഴ് (317) വിമാനങ്ങളിൽ നാലായിരത്തിത്തൊള്ളായിരത്തിഅമ്പത്താറു് (4956) അണു—ആയുധങ്ങളും അമേരിക്ക എപ്പോഴ്, എവിടെ, വേണമെങ്കിലും പ്രയോഗിക്കാൻ തയ്യാറാക്കിവെച്ചിട്ടുണ്ടു്. അങ്ങനെ അമേരിക്കയുടെ കൈവശം പതിമൂവായിരത്തിഎണ്ണൂറെറഴുപത്തിമൂന്നു് (13,873) അണു—ആയുധങ്ങൾ; വാഷിങ്ടൺ ഉടമ്പടി നടപ്പിൽവന്നശേഷവും, അവശേഷിക്കും.

സോവിയററു് റഷ്യയുടെ കൈയിലോ? മുൻപറഞ്ഞ ലണ്ടനിലെ യുദ്ധതന്ത്ര പഠനസ്ഥാപനത്തിന്റെ കണക്കനുസരിച്ചു്, സോവിയററു് റഷ്യ കരയിൽ സ്ഥാപിച്ച അന്തർഭൂഖണ്ഡ മിസ്സൈലുകളുടെ (ഐ. സി. ബി. എം.) എണ്ണം ആയിരത്തിനാന്നൂററിപ്പതിനെട്ടു് (1418) ആണു്. റഷ്യയുടെ മുങ്ങിക്കപ്പലുകളിൽ തൊള്ളായിരത്തിഇരുപത്തെട്ടു് (928) മിസ്സൈലുകളും വിമാനങ്ങളിൽ നൂററുപത്തഞ്ചു (165) മിസ്സൈലുകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ മിസ്സൈലുകളിൽ ഘടിപ്പിച്ചു്, പ്രയോഗിക്കാൻ സജ്ജമാക്കി സോവിയററു് റഷ്യ നിലനിർത്തിപ്പോരുന്ന അണു—ആയുധങ്ങളുടെ ആകെ എണ്ണം പതിനോരായിരത്തി നാല്പത്തിനാലു് (11,044) ആകുന്നു. അങ്ങനെ അമേരിക്കയുടെയും സോവിയററു് യൂണിയന്റെയും കൈയിൽ ബാക്കിവരിക, ആകെ ഇരുപത്തിനാലായിരത്തിത്തൊള്ളായിരത്തിപ്പതിനേഴ് (24,917) അണു—ആയുധങ്ങളായിരിക്കും.

ഈ അണു—ആയുധങ്ങൾ നേർപകുതിയായി കുറയ്ക്കുന്നതിനുള്ള ഒരു ഉടമ്പടിയിൽ ഒപ്പിടുന്നതിനുവേണ്ടി 1988-ലെ വസന്തകാലത്തു് പ്രസിഡണ്ടു് റേയ്ഗൻ മോസ്കോ സന്ദർശിക്കുമെന്നാണു് ഇപ്പോൾ വിശ്വസിക്കപ്പെടുന്നതു്.

അണു—ആയുധനിയന്ത്രണം സംബന്ധിച്ചു് സോവിയററു് യൂണിയനും അമേരിക്കയും തമ്മിൽ ചർച്ചകൾ ആരംഭിച്ചിട്ടു് വളരെ വർഷങ്ങളായി. പുതിയതരം അണു—ആയുധങ്ങൾ ഉണ്ടാക്കുന്നതിനായി പരീക്ഷണാർത്ഥം അണുസ്ഫോടനങ്ങൾ നടത്തുന്നതു നിർത്തിവയ്ക്കാനുള്ള ശ്രമങ്ങളും നടന്നു. ഈ ആലോചനകളും ശ്രമങ്ങളും നിഷ്ഫലങ്ങളാകുകയാണുണ്ടായതു്. തമ്മിൽത്തമ്മിലുള്ള അവിശ്വാസമായിരുന്നു ഈ പരാജയത്തിന്റെ കാരണം. ഉടമ്പടിയിലൊപ്പിട്ടാലും, എതിർരാജ്യം സ്വകാര്യമായി അണു—ആയുധങ്ങൾ നിർമിക്കുകയില്ലെന്നതിനു് എന്താണു് ഉറപ്പു്?

സോവിയററു് യൂണിയനിലെ ആയുധശാലകളിൽ അമേരിക്കൻ ഉദ്യോഗസ്ഥന്മാരും അമേരിക്കയിലെ ആയുധശാലകളിൽ റഷ്യൻ ഉദ്യോഗസ്ഥന്മാരും നേരിട്ടുചെന്നു പരിശോധന നടത്തുന്നതിനു വ്യവസ്ഥയുണ്ടെന്നതാണു് വാഷിങ്ടൺ ഉടമ്പടിയുടെ ഒരു സവിശേഷത. തങ്ങൾ വഞ്ചിക്കപ്പെട്ടേക്കുമോ എന്ന ഭീതി, മേലിൽ രണ്ടു രാജ്യങ്ങളിലെയും നേതാക്കൾക്കു് ഉണ്ടാകേണ്ടതില്ല.

വാഷിങ്ടൺ കരാറിന്റെ മറെറാരു സവിശേഷത, അണു—ആയുധങ്ങളുടെ എണ്ണം കുറയ്ക്കുകയല്ല, ഒരു തരത്തിൽപ്പെട്ട അണു—ആയുധങ്ങൾ പൂർണമായും നശിപ്പിക്കുകയാണു് അതിന്റെ ലക്ഷ്യമെന്നതാണു്. ഉടനെയല്ലെങ്കിൽ ഏതാനും ദശാബ്ദങ്ങൾക്കപ്പുറത്തെങ്കിലും, മനുഷ്യവർഗത്തെ സ്വയംകൃതമായ അണു—അഗ്നി—പ്രളയവിപത്തിൽനിന്നു ശാശ്വതമായി മോചിപ്പിക്കുമാറു് എല്ലാ അണു—ആയുധങ്ങളെയും നശിപ്പിക്കുന്നതിലേക്കു് ഈ ഉടമ്പടി നയിച്ചുകൂടായ്കയില്ല. അതുകൊണ്ടാണു ഭയമോചനത്തിലേക്കുള്ള ഒരു കാൽവെപ്പായി അതു വിശേഷിപ്പിക്കപ്പെടുന്നതു്.

നിരന്തരമായ പ്രകോപനങ്ങൾ അമേരിക്കയിൽനിന്നു് ഉണ്ടായിട്ടും,

ചുരുങ്ങിയ പരിധിയിലല്ലെങ്കിലും ഒരു അണു—ആയുധ—നിരോധ-ഉടമ്പടി ഇപ്പോൾ ഒപ്പിടപ്പെട്ടുവെങ്കിൽ, അതിനുള്ള എല്ലാ കൃതജ്ഞതയും ഗോർബച്ചേവിനു നൽകേണ്ടതാണ്. അന്തരീക്ഷത്തിൽ അണു—ആയുധങ്ങൾ സ്ഥിരമായി സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചുള്ള നക്ഷത്രയുദ്ധ പരിപാടി (എസ്. ഡി. ഐ.) അമേരിക്ക ഉപേക്ഷിച്ചാൽ മാത്രമേ ഇത്തരമൊരു ഉടമ്പടിയിൽ ഒപ്പിടുകയുള്ള എന്ന നിർബന്ധം ഇത്തവണ ഗോർബച്ചേവ് ഉപേക്ഷിച്ചിരിക്കുകയാണ്. നക്ഷത്രയുദ്ധപരിപാടി പ്രായോഗികമല്ലെന്ന് ഇതിനകം ഗോർബച്ചേവിനു ബോദ്ധ്യപ്പെട്ടിരിക്കാം. അല്ലെങ്കിൽ, അമേരിക്കൻ ശാസ്ത്രജ്ഞന്മാർക്ക സാദ്ധ്യമായതെന്തും സോവിയററ് ശാസ്ത്രജ്ഞന്മാർക്കും സാദ്ധ്യമാണെന്ന ഉറപ്പ് അദ്ദേഹത്തിനു കൈവന്നിട്ടുണ്ടാവാം.

അമേരിക്ക എത്ര അണു—ആയുധങ്ങൾ നശിപ്പിക്കുന്നുവോ അത്രയും അണു—ആയുധങ്ങൾ മാത്രമേ തങ്ങൾ നശിപ്പിക്കുകയുള്ളു എന്നും ഗോർബച്ചേവ് വാശിപിടിക്കുകയുണ്ടായില്ല. പരസ്പരം പലമടങ്ങു കൊല്ലുന്നതിന് (ഓവർകിൽ) വേണ്ടത്ര അണു—ആയുധങ്ങൾ രണ്ടു രാജ്യക്കാരുടെയും കൈവശമുണ്ട്. ഒരു രാജ്യത്തിന്റെ കൈയിൽ ആയിരമോ, രണ്ടായിരമോ അണുബോംബുകൾ കൂടുതലുണ്ടായാൽത്തന്നെ, അതുകൊണ്ട് ഒരു വിശേഷവും വരാനില്ലെന്ന് ഗോർബച്ചേവ് കരുതുന്നുണ്ടാവാം. നഞ്ഞെന്തിനു നാനാഴി?

അമേരിക്കയും സോവിയററ് യൂണിയനും പുറത്ത്, മദ്ധ്യ—അമേരിക്ക, കമ്പൂച്ചിയ, അഫ്ഘാനിസ്ഥാൻ, അംഗോള മുതലായ പ്രദേശങ്ങളിൽ നടന്നുവരുന്ന ആഭ്യന്തരയുദ്ധങ്ങളിൽ ഈ രണ്ടു മഹാശക്തികളും പരസ്പരവിരുദ്ധങ്ങളായ ചേരികളിൽ നിലയുറപ്പിച്ചിട്ടുണ്ട്. നിരായുധീകരണം പുരോഗമിക്കണമെങ്കിൽ ഈ സംഘർഷങ്ങൾ ഒഴിവാക്കിയേ മതിയാവൂ. ഈ സംഘർഷമേഖലകളിൽ, അഫ്ഘാനിസ്ഥാനിൽ മാത്രമേ സോവിയററ് സൈനിക സാന്നിദ്ധ്യമുള്ളു. അഫ്ഘാനിസ്ഥാനിൽ നിയമവിധേയമായ സർക്കാരിനെതിരായി പൊരുതുന്ന ഒളിപ്പോരാളികൾക്ക് അമേരിക്ക സഹായം നൽകുന്നത് നിർത്തിയാൽ, തങ്ങളുടെ സൈന്യത്തെ അവിടെനിന്ന് ഒഴിച്ചുകൊണ്ടു പോകാൻ തയ്യാറാണെന്ന് ഗോർബച്ചേവ് പ്രഖ്യാപിക്കുകയുണ്ടായി. ഏതായാലും, അഫ്ഘാനിസ്ഥാനിൽനിന്നു സൈന്യത്തെ പിൻവലിക്കാനുള്ള രാഷ്ട്രീയതീരുമാനം സോവിയററ് യൂണിയൻ എടുത്തുകഴിഞ്ഞിട്ടുണ്ട്. ഒഴിഞ്ഞുപോരൽ എപ്പോൾ, എങ്ങനെ, നടപ്പിൽ വരുത്തണമെന്ന കാര്യത്തിലേ ഈ രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസമുള്ളു.

ഗോർബച്ചേവ് റേയ്ഗനെ കണ്ടു സംസാരിക്കുന്നത് ഇതു മൂന്നാമത്തെ തവണയാണ്. 1985—ൽ സ്വിററ്സർലാൻഡിലെ ജനീവയിൽവെച്ചും 1986—ൽ ഐസ്സ്ലാൻഡിലെ റെയ്ക്യാവിക്കിൽവെച്ചും അവർ സംഭാഷണം നടത്തുകയുണ്ടായി. ഈ സംഭാഷണങ്ങളുടെ തുടർച്ചയായിരുന്നു ഇപ്പോൾ വാഷിങ്ടനിൽ ഗോർബച്ചേവിന്റെ ത്രിദിനസന്ദർശനം. അമേരിക്കയും സോവിയററ് യൂണിയനും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിന് വാഷിങ്ടൺ സംഭാഷണവും പര്യാപ്തമായിട്ടില്ല. വാഷിങ്ടൺ ഉടമ്പടി അമേരിക്കൻ പാർലമെൻറ് തള്ളിക്കളയാനും സാദ്ധ്യതയില്ലാതില്ല. കാരണം, അമേരിക്കയിലെ സൈനിക—വ്യവസായക്കൂട്ടുകെട്ടിന്റെ (മിലിട്ടറി—ഇൻഡസ്ട്രിയൽ—കോംപ്ളെക്സ്) ഹ്രസ്വകാല താല്പര്യം, അമേരിക്കൻ—സോവിയററ്—വൈരുദ്ധ്യങ്ങൾ വളർത്തി, സ്ഥിരമായ യുദ്ധകാലാവസ്ഥ ലോകമെമ്പാടും നിലനിർത്തുന്നതിലാണ്. ഇന്നത്തെ ലോകത്തിൽ ഏററവും വലിയ വ്യവസാ

യം ആയുധനിർമാണവും ഏററവും വലിയ ഗവേഷണം യുദ്ധഗവേഷണവുമാകുന്നു. ആയുധനിർമാണത്തിലും യുദ്ധഗവേഷണത്തിലും ലോകമുതലാളിത്തത്തിനു നിക്ഷിപ്തതാല്പര്യങ്ങൾ ഉണ്ട്. കോട്ടകെട്ടി ഭദ്രമാക്കി അതിനുള്ളിൽ കുടിയിരിക്കുന്ന ഈ താല്പര്യങ്ങളെ അത്ര വേഗമൊന്നും ഇറക്കിവിടാൻ കഴിയുമെന്നു വ്യാമോഹിക്കേണ്ടതില്ല. ഈ ചുററുപാടിൽ, പ്രതീക്ഷിക്കാവുന്നതിന്റെ പരമാവധി വാഷിങ്ടൺ ഉടമ്പടിയിൽ അടങ്ങിയിട്ടുണ്ടെന്നു പറയാം.

ക്രൂരമായ ഈ ലോകത്തിൽ, ചെറിയ കാരുണ്യങ്ങൾക്കും നാം നന്ദിയുള്ളവരായിരിക്കണമല്ലോ.

(13, ഡിസംബർ 1987)